# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM/GP8/1732/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM/GP8/1732/2021 തീയ്യതി: 07/12/2021

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2021 | 30-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-09-2021 | 30-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതാകുമാരി .എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.വാലന്റീന .എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലേഖ. എം.എൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശരത് ജെ. ശങ്കർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഡീന.എസ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ശ്രീ.പി മുരളി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.അജില യു.എസ് | സെക്രട്ടറി | 01-04-2020 | 25-06-2020 |
| | | 27-07-2020 | 09-11-2020 |
| | | 01-12-2020 | 13-01-2021 |
| ശ്രീ.വിനോദ് കുമാർ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2020 | 26-07-2020 |
| | | 10-11-2020 | 30-11-2020 |
| | | 14-01-2021 | 02-02-2021 |
| ശ്രീമതി.ബിന്ദുലേഖ എസ് | സെക്രട്ടറി | 03-02-2021 | 31-03-2021 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനോദ് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അനുരാജൻ എസ് | കൃഷി ഓഫീസർ | 01-04-2020 | 23-02-2021 |
| ശ്രീമതി.അനുചിത്ര | കൃഷി ഓഫീസർ | 24-02-2021 | 07-03-2021 |
| ശ്രീ.ഷാജിദ് എം | കൃഷി ഓഫീസർ | 08-03-2021 | 31-03-2021 |
| ഡോ.അനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ശിവകുമാർ.ബി.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ബിനു.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.സൈജു | വി.ഇ.ഓ -I | 01-04-2020 | 31-03-2021 |
| ശ്രീ.മനോജ് | വി.ഇ.ഓ -II | 01-04-2020 | 31-03-2021 |
| ഡോ.ജയകൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2020 | 28-02-2021 |
| ഡോ.സ്മിത തോമസ് പി | വെറ്റിനറി സർജൻ | 28-02-2021 | 31-03-2021 |
| ശ്രീമതി.മഞ്ജു. എസ് | ഫിഷറീസ് ഓഫീസർ | 01-04-2020 | 02-11-2020 |
| ശ്രീമതി.സ്മിത വി | ഫിഷറീസ് ഓഫീസർ | 02-11-2020 | 06-11-2020 |
| ശ്രീമതി.അഞ്ജലി ദേവി | ഫിഷറീസ് ഓഫീസർ | 06-11-2020 | 31-03-2021 |
| ശ്രീമതി.സുനി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.രേഖ | ഐ.സി.ഡി.എസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി.ബീന പി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീവിദ്യ എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക അപാകതകൾ<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sarath J Sankar (Auditor, On 30-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-10 |
| 11 | വസ്തു നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-11 |
| 12 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-12 |
| 13 | ഹോസ്പിറ്റൽ കിയോസ്ക് വരവുകൾ സമയബന്ധിതമായി ഒടുക്ക് വരുത്തേണ്ടതാണ്<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-13 |
| 14 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-14 |
| 15 | വാടക ഈടാക്കിയിട്ടില്ല<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-15 |
| 16 | വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-16 |
| 17 | കാലഹരണപ്പെട്ട മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു.<br>Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-17 |

| | | |
|---|---|---|
| 18 | സാമൂഹ്യ സുരക്ഷ പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-18 |
| 19 | MGNREGS പദ്ധതി - തുടർ നടപടി ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.<br>Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-19 |
| 20 | കൂടും കോഴിയും വാങ്ങി നൽകൽ - സർക്കാർ ഉത്തരവിലെ നിരക്കിൽ നിന്നും വ്യതിചലിച്ച് സബ്സിഡി അധികം നൽകി.<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-20 |
| 21 | തെരുവുനായ്ക്കളുടെ വന്ധ്യംകരണം - വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നില്ല.<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-21 |
| 22 | ആടുവളർത്തൽ (ജനറൽ , എസ് സി) - മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല – 5,96,000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-22 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല 437500/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-23 |
| 24 | പാലിയേറ്റീവ് കെയർ - മുഴുവൻ മരുന്നും ലഭ്യമായില്ല തുക 45573/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-24 |
| 25 | മഴക്കാല പൂർവ ശുചീകരണം - നോട്ടീസ് അച്ചടിക്കുന്നതിൽ പ്രോജക്ട് ഒതുങ്ങി<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-25 |
| 26 | സമഗ്ര മാനസികാരോഗ്യപരിപാടി - മോണിട്ടറിംഗ് റിപ്പോർട്ട്, വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല - ചെലവ് 50000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-26 |
| 27 | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ (സർക്കിൾ II) നിർവഹണം നടത്തിയ പദ്ധതികൾ - മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 24-11-2021) | 1-27 |
| 28 | ഭവനനിർമാണം, വീട് വാസയോഗ്യമാക്കൽ - എഗ്രിമെന്റ് വയ്ക്കാത്തതിലും പ്രവൃത്തി പൂർത്തിയാക്കുന്നതിലും കാലവിളംബം - അടിയന്തിര നടപടി സ്വീകരിക്കണം<br>Written By: VALANTEENA.M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-28 |
| 29 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല 37320/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |

| | | |
|---|---|---|
| | Written By: Lekha.M.L (Senior Grade Auditor, On 03-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | |
| 30 | ഗ്രോ ബാഗിലെ പച്ചക്കറി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-30 |
| 31 | ജൈവപച്ചക്കറി കൃഷി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 04-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 1-31 |
| 32 | ആയുർവേദ ആശുപത്രിക്ക് കെട്ടിട വാടക നിശ്ചയിച്ച് നല്കിയത് ക്രമപ്രകാരമല്ല.<br>Written By: Lekha.M.L (Senior Grade Auditor, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-32 |
| 33 | കെൽട്രോണിൽ നിന്നുള്ള ഉപകരണങ്ങൾ അടിയന്തിര ലഭ്യമാക്കണം<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-33 |
| 34 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-11-2021) | 1-34 |
| 35 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി- അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-35 |
| 36 | പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-36 |
| 37 | മരാമത്തു പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു,<br>Written By: Lathakumari M (Audit Officer, On 04-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-37 |
| 38 | ഗുണഭോക്തൃകമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 05-10-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-38 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 26-11-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 1-39 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sarath J Sankar (Auditor, On 30-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 26-11-2021) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sarath J Sankar (Auditor, On 30-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sarath J Sankar (Auditor, On 30-09-2021) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 07-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 30-09-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 ലെ തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 278147676.37/- രൂപ വരവും 273387760/-രൂപ ചെലവും നീക്കിയിരിപ്പ് 4759916.37/- രൂപയുമാണ്

## 1-2 വാർഷിക ധനകാര്യ പത്രിക അപാകതകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 01.06.2021 | -- | -- |

വാർഷിക ധനകാര്യ പത്രിക അപാകതകൾ

1. കാനറ ബാങ്ക് തനത് ഫണ്ട് ക്ളോസിംഗ് ബാലൻസ് ബാങ്ക് സ്റേറ്റ്മെന്റ് പ്രകാരം 9858352.05 രൂപയാണ്. എന്നാൾ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ക്ളോസിംഗ് ബാലൻസ് 1 രൂപയാണ്.

2 വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഗ്രാന്റ് വിവരങ്ങളും , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിവരങ്ങളും തമ്മിൽ പൊരുതത്തപ്പെടുന്നില്ല.

3. വാർഷിക ധനകാര്യ പത്രിക – ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകളുടെ വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത തുകകൾ വരവ് വന്നതിന്റെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

4. വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2021മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ് , വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2021ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

6)ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(A) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

7) 2019-20, 2020-21 വർഷങ്ങളിലെ ബാലൻഷീറ്റ് B-4 പ്രകാരമുള്ള താഴെപ്പറയുന്ന തുകകൾ വ്യത്യാസമില്ലാതെ തുടരുന്നു. അവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് കോഡ് | തുക |
|---|---|
| 320200101 | 313585 |
| 320200104 | 3091612 |
| 320300103 | 861000 |
| 320800199 | 1055398 |
| 320500101 | 20495 |
| 320900399 | 100000 |

8. 2020-21 സാമ്പത്തിക വർഷത്തെ DBT Statement പ്രകാരമുള്ള പെൻഷൻ തുകയും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പെൻഷൻ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. TREASURY A/C COVID, DCB സാക്ഷരത, SBT SSA, DCB തനത് ഫണ്ട് എന്നിവയുടെ പാസ്സ് ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. അതിനാൽ ഇവയുടെ ക്ളോസിംഗ് ബാലൻസ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. SBI- E-PAYMENT, ക്ളോസിംഗ് ബാലൻസ് ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 0 ആണ്, എന്നാൽ പാസ്ബുക്ക് പ്രകാരം ക്ളോസിംഗ് ബാലൻസ് 649413.44 ആണ്.

11. IOB NREGS ക്ളോസിംഗ് ബാലൻസ് ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 208580.75ആണ്, എന്നാൽ പാസ്ബുക്ക് പ്രകാരം ക്ളോസിംഗ് ബാലൻസ് 160242.69ആണ്.

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം26, തീയതി 28.9.21 )അപാകതകൾ പരിശോധിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16579802.87 |
| വരവ് | 97233352 |
| ആകെ | 113813154.87 |
| ചെലവ് | 99727954 |
| നീക്കിയിരിപ്പ് | 14085200.87 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 17503674 | 17503674 | 15738885 | 1764789 | 1346494 |
| വികസനഫണ്ട് SCP | 0 | 11962392 | 11962392 | 11442833 | 519559 | 1034240 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 12693000 | 12693000 | 9638714 | 3054286 | 739020 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 6139271 | 6139271 | 5848120 | 291151 | 506574 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 19553573 | 19553573 | 11177674 | 8375899 | 3462642 |
| ശുചിത്വ മിഷൻ | 0 | 3109293 | 3109293 | 871003 | 2238290 | 0 |
| ലിറ്ററസി | 275 | 0 | 275 | 0 | 275 | 0 |
| TSC | 5488311 | 1937423 | 7425734 | 6029423 | 1396311 | 0 |
| NREGS | 462386.75 | 999470 | 1461856.75 | 1313244 | 148612.75 | 0 |
| ICDS | 1944611 | 1358195 | 3302806 | 692793 | 2610013 | 0 |
| SSA | 705496 | 19384 | 724880 | 0 | 724880 | 0 |

(1) പഞ്ചായത്തിൽ നിന്ന് ലഭ്യമായ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും ACR പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വ്യത്യാസം വിശദീകരിച്ച് ഓഡിറ്റിൽ റിപ്പോർട്ട്

നല്കേണ്ടതാണ്.

(2) ക്യൂ-ബിൽ മാറ്റി നിർത്തിയാലും പദ്ധതി ഫണ്ടിലും സി.എഫ്.സി ഗ്രാന്റിലും വൻ തുക ലാപ്സായി കാണുന്നു. ലഭ്യമാകുന്ന ഗ്രാന്റിനങ്ങൾ പരമാവധി ഫലപ്രദമായി ഉപയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതിയിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നും വൻതുക ചെലവഴിക്കാതെ ലാപ്സാകുന്നു. ലഭ്യമാകുന്ന തുക വികസന പ്രവർത്തനങ്ങൾക്കും സേവനമേഖലയിലും പരാമാവധി ഗുണപ്രദമായി ചെലവഴിക്കുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 255 | 145072872 | 200 | 70795528 | 5 | 50 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 462386.75 | 999470 | 1461856.75 | 1313244 | 148612.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50526000 | 50526000 | 50526000 | 0 |
| ആകെ | 462386.75 | 51525470 | 51987856.75 | 51839244 | 148612.75 |

വാർഷിക ധനകാര്യ പത്രിക പ്രകരമുള്ള വരവ് ചെലവ് കണക്കുകളാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എം.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് 462387.69 രൂപയും വരവ് 1180470 രൂപയും ചെലവ് 1494244 രൂപയും നീക്കിയിരിപ്പ് 148613.69 രൂപയുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 116760 | 169 |
| കർഷകതൊഴിലാളി പെൻഷൻ | 600200 | 42 |
| വിധവാപെൻഷൻ | 23825900 | 1616 |
| വാർദ്ധക്യകാലപെൻഷൻ | 41445400 | 2983 |
| വികലാംഗപെൻഷൻ | 6637400 | 447 |
| വിവാഹധനസഹായം | 120000 | 4 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 951000 | 66 |

ക്ഷേമ പദ്ധതികൾ സംബന്ധിച്ച അവലോകനം ഖണ്ഡിക 1-18-ൽ നല്കിയിട്ടുണ്ട്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2021, 3.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 49675/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധിക്കേണ്ടതായ വിഷയങ്ങൾ താഴെ പറയുന്നു.

(1)ക്ഷേമ പെൻഷനുകളുടെ വിതരണത്തിൽ ജാഗ്രതക്കുറവ്

(2) ഹോസ്പിറ്റൽ കിയോസ്ക് വരവുകൾ സമയബന്ധിതമായി ഒടുക്കുന്നില്ല.

(3) വസ്തുനികുതി, തൊഴിൽനികുതി തുടങ്ങിയ ഇനങ്ങളിലൂടെ തനതു വരുമാനം ശേഖരിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

(4) പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിൽ വീഴ്ചയുണ്ട്.

(5) MNREG പദ്ധതിയുടെ തുടർനടപടി ഗ്രാമസഭ അംഗീകരിച്ചില്ല.

(6) മഴക്കാല ശുചീകരണ പ്രവർത്തനം ഫലപ്രദമല്ല.

(7) രജിസ്റ്ററുകളുടെ പരിപാലനം കൂടുതൽ കൃത്യതയോടെ ചെയ്യേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.03.2021 | 09/2020 മുതൽ 12/2020 വരെ | 04.03.2021 |
| ഏ.ജി.ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല | | |

## 1-11 വസ്തു നികുതി - അപാകങ്ങൾ

**1)റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.**

2020-21 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Owner Details | Receipt ID | Receipt Book No | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| **1** | **6** | 388 | ചന്ദ്രശേഖരൻ നായർ (ദേവി വീഹാർ) | 805826 | 0 | 120070104271 | 22/02/2021 | 2020 | 294 |
| 2 | 3 | 202 | ചന്ദ്രമോഹൻനായർ (ലക്ഷമിനിവാസ്,) | 800352 | 0 | 120070100181 | 14/05/2020 | 2020 | 997 |
| 3 | 12 | 121 | മുഹമ്മദ് അലി (കശാലയ്ക്കം) | 802525 | 0 | 120070101625 | 06/10/2020 | 2020 | 567 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 02/13.09.2021 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**2)ടെലഫോൺ ടവറിന്റെ നികുതി ഈടാക്കിയില്ല**

താഴെപ്പറയുന്ന ടെലഫോൺ ടവറിന്റെ 2018-19 മുതലുള്ള വസ്തു നികുതി നാളിതുവരെ പിരിച്ചെടുത്തിട്ടില്ല.

| കെട്ടിട നം | കെട്ടിടത്തിന്റെ/ഉടമയുടെ വിശദാംശം |
|---|---|
| 9/19 | സുഭദ്രഅമ്മ, കല്ലുകിടക്കുന്നിടം, |

| Sl. No | Year | Period | Property Tax (1) | Library Cess (2) | Surcharge (3) | Service Charge (4) | Total (5) (1+2+3+4) |
|---|---|---|---|---|---|---|---|
| 1 | 2018 | First Half | 1500 | 75 | 0 | 135 | 1710 |
| 2 | 2018 | Second Half | 1500 | 75 | 0 | 135 | 1710 |
| 3 | 2019 | First Half | 1500 | 75 | 0 | 135 | 1710 |
| 4 | 2019 | Second Half | 1500 | 75 | 0 | 135 | 1710 |

| | | | | | | |
|---|---|---|---|---|---|---|
| | | Half | | | | |
| 5 | 2020 | First Half | 1500 | 75 | 0 | 135 | 1710 |
| 6 | 2020 | Second Half | 1500 | 75 | 0 | 135 | 1710 |
| | | | | | Total | 10260 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/24.09.21 ന് മറുപടി ലഭ്യമാക്കിയില്ല.

**3)മറ്റ് വിവിധ അപാകങ്ങൾ**

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 1-12 -ൽ സൂചിപ്പിച്ചിട്ടുള്ള വിവിധ അപാകങ്ങൾ 2020-21 വർഷവും നിലനിൽക്കുന്നു. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും 2020-21 വർഷം ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലും എസ്.ബി.ഐ ഓഫീസിൽ നിന്നും രണ്ടാം അർദ്ധ വർഷവും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2)ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2019-20,20-21 വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

3)ശാർക്കര ദേവസ്വത്തിൽ നിന്നും 2020-21 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
4)ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
5)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2019-20 വർഷത്തേയ്ക്ക് FTEAOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 16/17.09.2021 ന് ലഭിച്ച മറുപടിയിൽ തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

## 1-13 ഹോസ്പിറ്റൽ കിയോസ്ക് വരവുകൾ സമയബന്ധിതമായി ഒടുക്ക് വരുത്തേണ്ടതാണ്

ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ 2020-21 വർഷത്തെ ഹോസ്പിറ്റൽ കിയോസ്ക് വരവുകൾ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിൽ കാലതാമസം നേരിടുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | തുക | ഒടുക്കിയ തീയതി |
|---|---|---|
| 18/06/2020 മുതൽ 30/06/2020 വരെ | 870 | 01.07.2020 |
| 01/07/2020 മുതൽ 13/07/2020 വരെ | 990 | 14.07.2020 |
| 14/07/2020 മുതൽ 10/08/2020വരെ | 1185 | 10.08.2020 |
| 11/08/2020 മുതൽ 24/08/2020 വരെ | 840 | 25.08.2020 |
| 25/08/2020 മുതൽ 14/09/2020 വരെ | 885 | 14.09.2020 |
| 01/09/2020 മുതൽ 12/10/2020 വരെ | 915 | 12.10.2020 |
| 20/10/2020 മുതൽ 05/11/2020 വരെ | 765 | 05.11.2020 |
| 06/11/2020 മുതൽ 18/11/2020 വരെ | 1005 | 19.11.2020 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/17.09.2021 ന് മറുപടിയിൽ തുക സമയബന്ധിതമായി ഒടുക്ക് വരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള കാലയളവ് പ്രകാരം തുക ഒടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 270,271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2019-20 വർഷം ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്തിയ 17 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം 2020-21 വർഷത്തെ പാരാമെഡിക്കൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ

| ക്രമനം | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ഷിബു | കാർത്തിക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി |
| 2 | പ്രേം ജിത്ത് | ജാനകി ഡന്റൽ ക്ലിനിക് |
| 3 | സീരപാണി | സ്വാമിജി ഡന്റൽ ക്ലിനിക് |
| 4 | ദർശൻ | ആർ.യു ഹെൽത്ത് ക്ലിനിക് |
| 5 | അനിത | കൈലാസ് ക്ലിനിക്കൽസ് |
| 6 | ഷൈൻ | റോയൽ ഡന്റൽ ക്ലിനിക് |
| 7 | പ്രേമചന്ദ്രൻ | ദേവി ക്ലിനക്കൽ ലബോറട്ടറി |
| 8 | ഷാൻ | ലിവോ ഡയഗ്നസ്റ്റിക്സ് |
| 9 | ജയറാം | പഞ്ചമി ക്ലിനിക് |
| 10 | അരുൺ കുമാർ | ഡി.ആർ.ഡി.സി ലാബ് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/20.09.2019 ന് ലഭിച്ച മറുപടിയിൽ ക്രമ നം.3 ഒഴികെയുള്ള സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് അറിയിപ്പ് നൽകേണ്ടതുമാണ്.

## 1-15 വാടക ഈടാക്കിയിട്ടില്ല

ശ്രീമതി.അംബിക, തൊടിയിൽ വീട് , ചിറയിൻകീഴ് എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന സ്റ്റാളിൽ നിന്നും 2020-21 സാമ്പത്തിക വർഷം വാടക ഈടാക്കാനുണ്ട്.

| സ്റ്റാൾ നം | കാലയളവ് | വാടക തുക |
|---|---|---|
| 7 ശാർക്കര ഗ്രൂപ്പ് | 04/2020 മുതൽ 03/2021 വരെ | 964x12=<br>11568+ Gst |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 11/15.09.2021 ന് ലഭിച്ച മറുപടിയിൽ തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 949 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 10 വളർത്തു നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 18/17.09.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ

വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-17 കാലഹരണപ്പെട്ട മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 3 0/21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | 600,000 (മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 600000/- |
| ബിൽ നം തീയതി | 2/20-21 , 10.06.20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 600000/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ലഭിച്ച മരുന്നുകളിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നവയിൽ ചുവടെ ചേർക്കുന്ന മരുന്നുകൾ ഉപയോഗയോഗ്യമായ കാലയളവ് കഴിഞ്ഞവയാണ്. വിശദവിവരം-

| ക്രമ നം. | മരുന്നിന്റെ പേര് | ബാച്ച് നം. | കാലാവധി | അവശേഷിക്കുന്ന മരുന്നിന്റെ അളവ് | വില |
|---|---|---|---|---|---|
| 1 | ഹിംഗു ത്രിഗുണം | T67193 | 5/2021 | 12 (400 Ml) | 235 |
| 2 | ജാത്യാദിഘൃതം | G5199 | 5/2021 | 12(200 Ml) | 105 |
| 3 | സിതോഫലാദി ചൂർണ്ണം | C120193 | 5/2021 | 20 (50 Gm) | 32 |
| 4 | ചന്ദനാദി തൈലം | T28203 | 7/2021 | 5(450 Ml) | 193 |
| 5 | ഇളനീർകുഴമ്പ് | T261202 | 7/2021 | 25(10 Ml) | 24 |

മരുന്നുകൾ കാലാവധി കഴിയും മുൻപ് വിതരണം ചെയ്യാത്തതിനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 14, 17.09.21 )സ്ഥാപനത്തിൽ പൊതുവേ ചികിത്സ തേടി വരുന്നവരുടെ എണ്ണം കുറവായതിനാലും കോവിഡ് സാഹചര്യം കാരണവും മരുന്ന് യഥാസമയം വിതരണം ചെയ്യാൻ പറ്റാതായി എന്നും ഔഷധിയുമായി പ്രസ്തുത വിഷയം ചർച്ച ചെയ്തപ്പോൾ കാലഹരണപ്പെട്ട മരുന്നുകൾ മാറ്റി നല്കാം എന്ന് അറിയിച്ചതായി മറുപടി നല്കി. കൂടാതെ മുൻ വർഷങ്ങളിലേത് ഉൾപ്പെടെ ധാരാളം മരുന്നുകൾ വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതും അതോടൊപ്പം ആവശ്യകത നിർണ്ണയിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കി അതിനായി ഫണ്ട് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 സാമൂഹ്യ സുരക്ഷ പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല.

2020-21 വർഷത്തെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ്‌വെയർ, മരണരജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ സേവന സോഫ്റ്റ് വെയറിൽ മരണപ്പട്ട വ്യക്തികളുടെ പെൻഷൻ ആനുകൂല്യം സസ്പന്റ് ചെയ്തിട്ടില്ല. അതിനാൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മരണശേഷവും പെൻഷൻ തുക വരവ് വന്നിട്ടുണ്ട്. വിശദവിവരം-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | ആധാർനം | മരണ തീയതി | മരണശേഷം ലഭിച്ച പെൻഷൻ | ആകെ തുക | ബാങ്ക് അക്കൌണ്ട് നം. |
|---|---|---|---|---|---|---|---|
| 1 | മറിയകുട്ടി | വികലാംഗ പെൻഷൻ | 442865291869 | 31.10.20 | 2X1400<br>3X1500<br>5X1600 | 15300 | Canara Bank, Ckl<br>3497108000580 |
| 2 | അബ്ദുസാബീവി | വിധവ | 540671169419 | 1.12.20 | 9X600 | 5400 | SBT |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പെൻഷൻ | | | | | Puthukurichi 67349321873 |
| 3 | ശാരദ | വാർദ്ധക്യകാല പെൻഷൻ | 580876131383 | 28.1.2021 | 2X1500 5X1600 | 11000 | South Indian Bank ,Kadakavur 1910534070049 |
| 4 | ശിവദാസൻ | വാർദ്ധക്യകാല പെൻഷൻ | 290131144244 | 13.2.2021 | 1X1500 5X1600 | 9500 | SBT,CKL 57020202831 |
| 5 | ആൽബൻ | വാർദ്ധക്യകാല പെൻഷൻ | 864891681476 | 26.03.21 | 5X1600 | 8000 | SBT, CKL 67318308521 |
| | | | | | **ആകെ** | **49200** | |

മരണ സർട്ടിഫിക്കറ്റ് നല്കുന്ന അവസരത്തിൽ എല്ലാ അപേക്ഷകരിൽ നിന്നും മരണപ്പെട്ട വ്യക്തിയുടെ ആധാർ നം വാങ്ങി സൂക്ഷിച്ചിട്ടില്ല.അക്കാരണത്താൽ സേവന സോഫ്റ്റ്‌വെയറിൽ നിന്നും മരണപ്പെട്ട വ്യക്തി പെൻഷൻ ഗുണഭോക്താവാണോ എന്നും മരണശേഷവും അവർക്ക് പെൻഷൻ നല്കിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19, 19.9.21) ബാങ്കുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വന്ന തുകകൾ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി നല്കി. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതും ഓരോ മാസവും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ സസ്പെന്റ് ചെയ്തു മരണപ്പെട്ട വ്യക്തികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 MGNREGS പദ്ധതി – തുടർ നടപടി ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി നിയമം, 2005, ഖണ്ഡിക 6-1-10 ൽ ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാക്കപ്പെട്ട പദ്ധതികളുടെ തുടർ നടപടി ക്രമങ്ങൾ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു.എന്നാൽ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളുടെ തുടർ നടപടികളുടെ ഭാഗമായി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വച്ച് അംഗീകരിച്ചിട്ടില്ല. വിശദ വിവരം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പ്രവർത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | പ്രേമലത | തൊഴുത്ത് നിർമ്മാണം | 126260 |
| 2 | ഇന്ദിര | തൊഴുത്ത് നിർമ്മാണം | 126260 |
| 3 | സൗമ്യ | തൊഴുത്ത് നിർമ്മാണം | 126260 |
| 4 | ലീല | തൊഴുത്ത് നിർമ്മാണം | 126260 |
| 5 | അശ്വതി | തൊഴുത്ത് നിർമ്മാണം | 126260 |
| 6 | ഷീജ | തൊഴുത്ത് നിർമ്മാണം | 126260 |
| 7 | അംബിളി | തൊഴുത്ത് നിർമ്മാണം | 126260 |
| 8 | ലതാകുമാരി | തൊഴുത്ത് നിർമ്മാണം | 170440 |
| 9 | കാർത്തികേയൻ | തൊഴുത്ത് നിർമ്മാണം | 179100 |
| 10 | ബാബു | തൊഴുത്ത് നിർമ്മാണം | 342100 |
| 11 | ഗിരിജ | തൊഴുത്ത് നിർമ്മാണം | 131080 |
| 12 | സതി | തൊഴുത്ത് നിർമ്മാണം | 114120 |
| 13 | പ്രശോഭന | ആട്ടിൻകൂട് നിർമ്മാണം | 79020 |
| 14 | ഗോപിജ | ആട്ടിൻകൂട് നിർമ്മാണം | 80360 |
| 15 | രാധിക | ആട്ടിൻകൂട് നിർമ്മാണം | 95410 |
| 16 | ഷീജ | ആട്ടിൻകൂട് നിർമ്മാണം | 69320 |
| 17 | സീമ | ആട്ടിൻകൂട് നിർമ്മാണം | 65650 |
| 18 | ശാലിനി | ആട്ടിൻകൂട് നിർമ്മാണം | 97450 |
| 19 | സുജിത | ആട്ടിൻകൂട് നിർമ്മാണം | 97450 |
| 20 | രേഖ | ആട്ടിൻകൂട് നിർമ്മാണം | 97530 |
| 21 | പ്രഭ | ആട്ടിൻകൂട് നിർമ്മാണം | 62610 |
| 22 | നീതു | ആട്ടിൻകൂട് നിർമ്മാണം | 97450 |
| 23 | മിനി | കോഴിക്കൂട് നിർമ്മാണം | 62360 |
| 24 | ബിന്ദു | കോഴിക്കൂട് നിർമ്മാണം | 98120 |
| 25 | ഷീന | കോഴിക്കൂട് നിർമ്മാണം | 97530 |
| 26 | മുരുകൻ | കോഴിക്കൂട് നിർമ്മാണം | 98120 |

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32, 1-10-21) കോവിഡ് കാലമായതിനാൽ ഗ്രാമസഭകൾ കൂടാൻ കഴിയാതെ വന്നതിനാൽ ഗുണഭോക്താക്കളെ അംഗീകരിക്കാൻ കഴിയാതെ പോയി എന്നും

അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകരിക്കാൻ നടപടി സ്വീകരിക്കും എന്ന് അറിയിച്ചു. പരാമർശത്തിന്മേൽ സ്വീകരിച്ച തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കൂടും കോഴിയും വാങ്ങി നൽകൽ - സർക്കാർ ഉത്തരവിലെ നിരക്കിൽ നിന്നും വ്യതിചലിച്ച് സബ്സിഡി അധികം നൽകി.

| | |
|---|---|
| പ്രോജക്ട് നം. | (SO 43/21) |
| വകയിരുത്തൽ | 769500 (384750വികസനഫണ്ട് ജനറൽ, 384750 ഗുണഭോക്തൃവിഹിതം) |
| ചെലവ് തുക | 440742<br>(1.ബിൽനം.17/24-3-21, 220342 രൂപ<br>2.ചെക്ക് നം. 193387/23-3-21 220400 രൂപ) |

മുട്ടക്കോഴിയും കൂടും വിതരണം ചെയ്യുന്നതിനായി കോഴി ഒന്നിന് 110/-രൂപ വീതം 10 കോഴികളെ വീതം 95 ഗുണഭോക്താക്കൾക്ക് നൽകുന്നു. ഒരു ഗുണഭോക്താവിന് 10 കോഴിയും ശാസ്ത്രീയമായി തയ്യാറാക്കിയ ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ച് തയ്യാറാക്കിയ കൂടും നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത്. ഒരു ഗുണഭോക്താവ് 550/-രൂപ കോഴിയുടെയും 3500/-രൂപ കൂടിന്റെയും വില ചേർത്ത് 4050/-രൂപ ഗുണഭോക്തൃവിഹിതം അടയ്ക്കണമെന്നാണ് പ്രോജക്ടിൽ പറയുന്നത് (കോഴിയുടെ വിലയുടെ 50% ഉം കൂടിന്റെ വിലയുടെ 50% ഉം).

ഒരു കൂടും 10 കോഴികളും ഉൾക്കൊള്ളുന്നതാണ് ഒരു യൂണിറ്റ്. കോഴി വിതരണം ചെയ്യുന്നതിനായി ശ്രുതി എഗ്ഗർ നഴ്സറി, ബിസ്മി എഗ്ഗർ നഴ്സറി എന്നീ സ്ഥാപനങ്ങളെയും കൂട് വിതരണം ചെയ്യുന്നതിനായി ബിസ്മി ട്രേഡേഴ്സ് എന്ന സ്ഥാപനത്തെയുമാണ് തെരഞ്ഞെടുത്തത്. കൂടിന് 6399/-രൂപയുടെ നിരക്കാണ് ബിസ്മി ട്രേഡേഴ്സ് ക്വോട്ട് ചെയ്തത്. കോഴികളുടെ വിലയായി കണക്കാക്കിയിട്ടുള്ളത് 1200/-രൂപയുമാണ്. ഇപ്രകാരം ഒരു യൂണിറ്റിന്റെ വിലയായി 7599/-രൂപ നിശ്ചയിക്കുകയും 3800/-രൂപ വീതം ( കോഴികളുടെയും കൂടിന്റെയും വിലയുടെ 50% സബ്സിഡി) ഗുണഭോക്തൃവിഹിതമിനത്തിൽ 58 ഗുണഭോക്താക്കളിൽ നിന്നും ആകെ 220,400/-രൂപ ഗുണഭോക്തൃവിഹിതമായി പിരിയ്ക്കുകയും ചെയ്തു. കോഴി വിലയായി ഇനത്തിൽ 69,600/-രൂപ (സബ്സിഡി 34,800/-രൂപ, ഗുണഭോക്തൃവിഹിതം 34,800/-രു)എഗ്ഗർ നഴ്സറികൾക്കും കൂടുകളുടെ വില ഇനത്തിൽ 3,71,142/-രൂപ ബിസ്മി ട്രേഡേഴ്സിനും (സബ്സിഡി 1,85,542/-രൂപ, ഗുണഭോക്തൃവിഹിതം 1,85,600/-രൂപ) നൽകിയിട്ടുണ്ട്. 58 ഗുണഭോക്താക്കൾക്കാണ് മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ളത്.

മുട്ടക്കോഴികൾക്കുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂടിന്റെ സബ്സിഡി നിരക്ക് 15-10-2018 ലെ സ.ഉ.(സാധാ) നം. 2638/2018/തസ്വഭവ പ്രകാരം 50% ൽ നിന്നും 25% ആയി പരിമിതപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ കൂടുകളുടെ സബ്സിഡി ഇനത്തിൽ 92,786/-രൂപ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ സബ്സിഡി ഇനത്തിൽ 1,85,542/രൂപ ബിസ്മി ട്രേഡേഴ്സിന് നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 92,756/-രൂപ അധികം നൽകുകയാണുണ്ടായത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/25-9-21 മേൽ ഉത്തരവ് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മറുപടി പദ്ധതി ചെലവുകളിലെ ജാഗ്രതക്കുറവ് സൂചിപ്പിക്കുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 തെരുവുനായ്ക്കളുടെ വന്ധ്യംകരണം - വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | (SO 48/21) |
| വകയിരുത്തൽ | 105000 (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 105000 (ബിൽ നം. 3/19-10-19) |

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. പട്ടിപിടിത്തക്കാർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്ക് ചെലവാകുന്ന തുക കണ്ടെത്താനാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2,100/- രൂപ വകയിരുത്തി, 105000/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ ഇവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

ഫയൽ പരിശോധനയിൽ ഡോക്ടർ ഫീ, പട്ടിപിടിത്തത്തിനുള്ള കൂലി, മെഡിസിൻ ചാർജ് തുടങ്ങിയ ചെലവുകൾക്കായി 70338/-രൂപ ചെലവായതിന്റെ ചെലവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സബ്‌വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.24/25-9-21 ) മറുപടി ലഭ്യമാക്കിയില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് വരും വർഷങ്ങളിൽ ഉറപ്പ് വരുത്തേണ്ടതും ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ആടുവളർത്തൽ (ജനറൽ , എസ് സി) - മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല - 5,96,000/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജന്റെ നിർവഹണത്തിൽ ജനറൽ, എസ് സി ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

**I)ജനറൽ**

| വർഷം | പ്രോജക്ട് നം. | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 2019-20 | (SO89/ 20) | 352000 (170000 വികസന ഫണ്ട്, 6000 തനതുഫണ്ട്, 176000 ഗുണഭോക്തൃ വിഹിതം) | 72000 (ചെക്ക് നം. 5162856/23-3-20) |
| 2020-21 (സ്പിൽ ഓവർ) | (SO112/21) | 280000 | 208000<br>(1.ബിൽനം.1/20-4-20, 72000രൂപ<br>2.ബിൽനം.8/19-2-21, 72000രൂപ<br>3.ചെക്ക്നം.090184/22-2-21,<br>64000 രൂപ) |

**I) എസ് സി**

| വർഷം | പ്രോജക്ട് നം. | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 2019-20 | (SO90 / 20) | 320000<br>(240000 വികസന ഫണ്ട്, 80000 ഗുണഭോക്തൃവിഹിതം) | 36000 (ചെക്ക് നം. 5162856/23-3-20) |
| 2020-21 (സ്പിൽ ഓവർ) | (SO113/21) | 284000 | 280000<br>(1.ബിൽനം.2/20-4-20 , 108000രൂപ<br>2.ബിൽനം.10/19-2-21 , 132000രൂപ |

| | | | |
|---|---|---|---|
| | | | 3.ചെക്ക്നം.090184/22-2-21,<br>40000 രൂപ |

ഗ്രാമപഞ്ചായത്തിലെ 22 ജനറൽ വിഭാഗത്തിൽപ്പെടുന്ന വനിത ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായമുള്ള കുറഞ്ഞത് 12 KG തൂക്കമുള്ള 2 പെൺ ആട്ടിൻകുട്ടികളെ വാങ്ങി ലഭ്യമാക്കുന്നു. ഒരു ഗുണഭോക്താവ് 8000/-രൂപ ഗുണഭോക്തൃവിഹിതമായി അടയ്ക്കുന്നു. 8000/-രൂപ സബ്സിഡിയായും നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ 20 എസ് സി വിഭാഗത്തിൽപ്പെടുന്ന വനിത ഗുണഭോക്താക്കൾക്ക് 6-8 മാസം പ്രായമുള്ള കുറഞ്ഞത് 12 KG തൂക്കമുള്ള 2 പെൺ ആട്ടിൻകുട്ടികളെ വാങ്ങി ലഭ്യമാക്കുന്നു. ഒരു ഗുണഭോക്താവ് 4000/-രൂപ ഗുണഭോക്തൃവിഹിതമായി അടയ്ക്കുന്നു. 12000/-രൂപ സബ്സിഡിയായും നൽകുന്നു.

പൂജാ ഗോട്ട് ഫാം കൊല്ലം, മറിയ ഗോട്ട് ഫാം കോട്ടയം എന്നിവിടങ്ങളിൽ നിന്നുമാണ് ആടുകളെ വാങ്ങിയത്. ആയതിലേയ്ക്കായി മേൽ പ്രകാരം തുക നൽകിയിട്ടുണ്ട്.

പദ്ധതി നിർവഹണത്തിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട

1. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

2.ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.ആടുകളെ പാർപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് കൂട് ഉണ്ട് എന്നുള്ള വിവരം നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. പർച്ചെയ്സ് കമ്മിറ്റി മിനിട്സ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.24/25-9-21 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 596000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി - വിനിയോഗ വിവരം ലഭ്യമാക്കിയില്ല 437500/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | (SO 49/21) |
| വകയിരുത്തൽ | 437500 (വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 437500 (ബിൽ നം.12/17-2-21) |
| നിർവഹണം | വെറ്റിനറി സർജൻ |

4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികളെ തെരഞ്ഞെടുത്ത് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാകുന്നതിനായി 35 ഗുണഭോക്താക്കൾക്കായി 12500/-രൂപ വീതം വികസനഫണ്ട് വകയിരുത്തുന്നു. പ്രോജക്റ്റ് നിർവഹണത്തിലേയ്ക്കായി പഞ്ചായത്ത് വിഹിതമായ 437500/-രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെങ്കിലും തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി (നം.24/25-9-21 )

നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ വിവരം ലഭ്യമാകുന്നതുവരെ ചെലവ് തുക 437500/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പാലിയേറ്റീവ് കെയർ - മുഴുവൻ മരുന്നും ലഭ്യമായില്ല.തുക 45573/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് പേര്, നം. | - (SO 92/21) |
| വകയിരുത്തൽ | 942600 ( വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 941832 |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പ്രകാരം ചെലവായ തുകയിൽ ട്രഷറി ബിൽ നം.11/21-8-2020 പ്രകാരം 3,50,000/-രൂപയും ട്രഷറി ബിൽ നം. 37/25-3-21 പ്രകാരം മാറിയ 1,12,651/-രൂപയിൽ നിന്നും 1,00,000/-രൂപയും ഉൾപ്പെടെ 4,50,000/-രൂപ മരുന്ന് വാങ്ങുന്നതിനായി കാരുണ്യ മെഡിക്കൽ സർവീസസിന് നൽകിയെങ്കിലും 4,04,427/-രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. കാരുണ്യയിൽ നിന്നും ഇനിയും 45,573/-രൂപയുടെ മരുന്നും കൂടി ലഭിക്കാനുണ്ട്. ഓഡിറ്റ് എൻക്വയറി (നം. 25/28-9-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബാക്കി മരുന്നുകൾ ലഭ്യമാകുന്നതുവരെ 455,73/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 മഴക്കാല പൂർവ ശുചീകരണം - നോട്ടീസ് അച്ചടിക്കുന്നതിൽ പ്രോജക്ട് ഒതുങ്ങി

| | |
|---|---|
| പ്രോജക്ട് പേര്, നം. | മഴക്കാല പൂർവ ശുചീകരണം - (SO 188/21) |
| വകയിരുത്തൽ | 190000 (സംസ്ഥാനാവിഷ്കൃതഫണ്ട്) |
| ചെലവ് തുക | 10848 ( ചെക്ക് നം. 666684/14-7-21) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

ഗ്രാമപഞ്ചായത്തിന്റെ 22 വാർഡുകളിലും മൺസൂൺ രോഗകാലത്തുണ്ടാകുന്ന പ്രാണിജന്യ കൊതുക ജന്യരോഗങ്ങളായ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലേറിയ മറ്റ് ജലജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ ഫോഗിംഗ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് രോഗാതുരത പരമാവധി കുറയ്ക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ മഴക്കാല പൂർവ ശുചീകരണം സംബന്ധിച്ച നോട്ടീസ് പ്രിന്റ് ചെയ്യുക മാത്രമാണ് പ്രസ്തുത പദ്ധതിയിൽ നടപ്പാക്കിയിട്ടുള്ള ആകെ പ്രവർത്തനം. പ്രോജക്ടിൽ വിഭാവന ചെയ്ത മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടപ്പാക്കാത്തതിനാൽ പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്തിയില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28-9-21) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി അതിന്റെ ലക്ഷ്യത്തിലെത്താത്തതിനാൽ നോട്ടീസ് പ്രിന്റിംഗിനായി വിനിയോഗിച്ച തുക പാഴായി പോയിട്ടുണ്ട്. വിഷയം ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പതിയേണ്ടതും ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 സമഗ്ര മാനസികാരോഗ്യപരിപാടി - മോണിട്ടറിംഗ് റിപ്പോർട്ട്, വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല - ചെലവ് 50000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | SO 45/21 |
| വകയിരുത്തൽ | 50000 |
| ചെലവ് തുക | 50000 ( ബിൽ നം.35/12-2-21) |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി എച്ച് സി |

മാനസികാരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തി ആശുപത്രിയിൽ എത്തിക്കുന്നതിനും അവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ ബ്ലോക്ക് നടപ്പാക്കുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള കോർഡിനേറ്റർ വിവിധ വാർഡുകൾ സന്ദർശിച്ച് മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തി ആശുപത്രിയിൽ എത്തിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി 50,000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ലഭ്യമാകുന്ന സേവനം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ചെയ്യേണ്ടതുണ്ട്. എന്നാൽ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 25/28-9-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ II) നിർവഹണം നടത്തിയ പദ്ധതികൾ - മുഴുവൻ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തീകരിച്ചില്ല

**1. വീട് വാസയോഗ്യമാക്കൽ - SC**

| | |
|---|---|
| പ്രോജക്ട് പേര്, നം. | വീട് വാസയോഗ്യമാക്കൽ - SC (SO 40/21) |
| വകയിരുത്തൽ | 31,50,000 |
| ചെലവ് തുക | 22,00,000 |

21പട്ടികജാതി ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ആളൊന്നിന് 1,50,000/-രൂപ വകയിരുത്തുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ ഗഡുക്കളും കൈപ്പറ്റിയില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ജയശ്രീ ബി,<br>വയലിൽ വീട്,<br>ചിറയിൻകീഴ് | 50000 |
| ഗീത,<br>തിരുവോകോടി വീട്, ശാർക്കര, ചിറയിൻകീഴ് | 100000 |
| ശാരദ<br>ചിറയിൽ പാറയടി,<br>നിലയ്ക്കാമുക്ക്, കടയ്ക്കാവൂർ | 100000 |

**2.എസ് സി പഠനമുറി നിർമാണം**
**(സർക്കിൾ I)**

| | |
|---|---|
| പ്രോജക്ട് പേര്, നം. | എസ് സി പഠനമുറി ( SO 300/21) |
| വകയിരുത്തൽ | 1000000 (വികസനഫണ്ട് എസ് സി പി) |
| ചെലവ് തുക | 1. ബിൽ നം. 6/26-2-21, തുക 100000<br>2. ബിൽ നം. 8/25-3-21, തുക 150000<br>3. ബിൽ നം.12/27-3-21, തുക 100000 |
| നിർവഹണം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സർക്കിൾ 1l |

മികച്ച പഠനനിലവാരം പുലർത്തുന്ന 5 എസ് സി വിദ്യാർത്ഥികൾക്ക് 200000/-രൂപ നിരക്കിൽ പഠനമുറി നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. 100 ച.മീറ്ററിൽ അധികരിക്കാത്ത പഠനമുറി നിർമിക്കുന്നതിന് എ.ഇ.യുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നു.

താഴെ പറയുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ ഗഡുക്കളും കൈപ്പറ്റിയില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|
| അഖിൽ രാജേഷ് (S/O അനിത. വി) | 50000 (അഡ്വാൻസ്) | എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയുടെ അഭാവത്തിൽ അഡ്വാൻസ് നൽകി |
| ശബരി ബാബു ( S/ O ബാബു ) | 150000 | |
| ശ്രീകാന്ത് (S/O രഞ്ജിത ) | 150000 | |

മേൽ പ്രോജക്ടുകൾ 2021-22 ൽ സ്പിൽ ഓവറായി തുടരുന്നുവെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.3/14-9-2021) മറുപടി ലഭിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾ അവസാനഗഡു കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-28 ഭവനനിർമാണം, വീട് വാസയോഗ്യമാക്കൽ - എഗ്രിമെന്റ് വയ്ക്കാത്തതിലും പ്രവൃത്തി പൂർത്തിയാക്കുന്നതിലും കാലവിളംബം - അടിയന്തിര നടപടി സ്വീകരിക്കണം

വി. ഇ. ഒ. (സർക്കിൾ I)നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളിലെ എല്ലാ ഗുണഭോക്താക്കൾക്കും മുഴുവൻ ഗഡുക്കളും നൽകി പ്രവൃത്തി പൂർത്തീകരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ചില ഗുണഭോക്താക്കളെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ച് പ്രവൃത്തി ആരംഭിക്കാനും കഴിഞ്ഞിട്ടില്ല.

| ക്രമ നം. | പ്രോജക്ട് പേര്, നം. | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| 1 | ലൈഫ് ഭവനപദ്ധതി ജനറൽ - സ്പിൽ ഓവർ (SO 203/21) | 31,20,000 | 16,00,000 |
| 2 | ലൈഫ് ഭവനപദ്ധതി എസ് സി പി - സ്പിൽ ഓവർ (SO 204/21) | 53,20,000 | 25,00,000 |
| 3 | മൽസ്യത്തൊഴിലാളി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമാണം ( SO 316/21) | 88,00,000 | 40,000 |
| 4 | പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമാണം (SO 317/21) | 96,00,000 | 2,80,000 |
| 5 | ന്യൂ ലൈഫ് ലക്ഷം വീട് കോളനിയിലെ വീട് വാസയോഗ്യമാക്കൽ ( SO 71/21) | 6,00,000 | 4,80,000 |

1. ക്രമ നം. 1 പ്രോജക്ട് പ്രകാരം 9 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനാണ് വിഭാവനം ചെയ്തിരുന്നുവെങ്കിലും 6 ഗുണഭോക്താക്കൾക്കാണ് നിലവിൽ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളത്.

2. ക്രമ നം. 2 പ്രോജക്ട് പ്രകാരം 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ വിഭാവനം ചെയ്തിരുന്നതിൽ 11 പേർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. 7 പേർ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും 4 ഗുണഭോക്താക്കൾ ഇനിയും പൂർത്തീകരിക്കാനുണ്ട്.

3. ക്രമ നം. 3 പ്രോജക്ട് പ്രകാരം ഭൂമിയുള്ള 22 മൽസ്യത്തൊഴിലാളികൾക്ക് 4 ലക്ഷം രൂപ വീതം നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും നിലവിൽ 12 പേർ മാത്രം എഗ്രിമെന്റ് വയ്ക്കുകയും ഒരു ഗുണഭോക്താവ് മാത്രം പൂർത്തീകരിക്കുകയും ചെയ്തു.

4. ക്രമ നം. 4 പ്രോജക്ട് പ്രകാരം ഭൂമിയുള്ള 24 പട്ടികജാതിക്കാർക്ക് 4 ലക്ഷം രൂപ വീതം നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും നിലവിൽ 16 പേർ മാത്രം എഗ്രിമെന്റ് വയ്ക്കുകയും ഒരു ഗുണഭോക്താവ് മാത്രം പൂർത്തീകരിക്കുകയും ചെയ്തു.

5. 3 പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 2ലക്ഷം രൂപ വീതം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

CRZ ന്റെയും KPBR ന്റെയും ചട്ടങ്ങൾക്ക് വിധേയമായി വീട് വയ്ക്കുന്നതിനുള്ള പെർമിറ്റ് ലഭ്യമായാൽ മാത്രമേ എല്ലാ ഗുണഭോക്താക്കൾക്കും വീടിന് ആനുകൂല്യം നൽകാൻ പറ്റുകയുള്ളൂ എന്നും മേൽ പ്രോജക്ടുകൾ സ്പിൽ ഓവറായി നടപ്പിലാക്കുന്നതിനാൽ പെർമിറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകാവുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.1/13-9-21) മറുപടി ലഭിച്ചു. പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ നിർമാണത്തിന്റെ വിവിധഘട്ടങ്ങളിലാണെന്നും ലൈഫ് മിഷനിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് അവർക്ക് തുക നൽകുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ക്രമ നം. 5 ൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതാണെന്നും മറുപടി ലഭിച്ചു. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗുണഭോക്താക്കൾക്ക് CRZ റെഗുലേഷൻ ലഭ്യമാകുന്നതിൽ കാലതാമസം വന്നാൽ വകയിരുത്തപ്പെടുന്ന പദ്ധതിപ്പണം പാഴായിപോകാനിടയുണ്ട്. CRZ റെഗുലേഷൻ ഉറപ്പ് വരുത്താതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്

പോരായ്മയായി കാണുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ പുലർത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-29 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല 37320/- രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം | SO 30/21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| വകയിരുത്തൽ | 600000/-(മെയിന്റനൻസ് ഫണ്ട്.) |
| ചെലവ് | 600000/- |
| ബിൽ നം തീയതി | 2/10.06.20, 600000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 600000/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്.ഇതിൽ 21016/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. കൂടാതെ മരുന്നുകൾ സപ്ളൈ ചെയ്തപ്പോൾ ചുവടെ ചേർക്കുന്ന മരുന്നുകളുടെ കുറവുണ്ട്. വിശദവിവരം-

| ക്രമ നം. | മരുന്നിന്റെ വിവരം | അളവ് | വില | ആകെ തുക |
|---|---|---|---|---|
| 1 | ക്ഷീര ബല തൈലം | 39 | 165 | 6435 |
| 2 | രാസ്നാദി തൈലം | 21 | 139 | 2919 |
| 3 | തിക്തകഘൃതം | 24 | 113 | 2712 |
| 4 | ഷഡ്ഫല ഘൃതം | 4 | 92 | 368 |
| 5 | പാർത്ഥാരിഷ്ടം | 48 | 48 | 2304 |
| 6 | പ്രസാരിണി തൈലം | 9 | 174 | 1566 |

ആകെ 37320 (21016+16304) രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്.മരുന്നുകൾ ലഭ്യമാകാത്തതിനുള്ള കാരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 12,16.9.21)

മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ഇതുവരെ ലഭ്യമാകാത്തതിനാൽ ചെലവ് തുക 37320/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 ഗ്രോ ബാഗിലെ പച്ചക്കറി - അപാകങ്ങൾ**

| | |
|---|---|
| പ്രോജക്റ്റ് നം | SO230/21 |
| പ്രോജക്റ്റിന്റെ പേര് | സുഭിക്ഷ കേരളം -പച്ചക്കറി-ഗ്രോ ബാഗിലെ കൃഷി |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 604800(വി.ഫ-453600/- ഗു.വി -151200/-) |
| ചെലവ് | 604800 |

ഗ്രാമപഞ്ചായത്തിൽ ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിനായി 756 വീടുകളിൽ ഗ്രോ ബാഗുകളിൽ പച്ചക്കറി തൈ വിതരണം ചെയ്യുന്നതിനായി പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ പദ്ധതി ആനുകൂല്യം കൈപ്പറ്റിയ 572 ഗുണഭോക്താക്കളിൽ 32 ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഓരോ ഗുണഭോക്താവിനും നൽകിയ ഗ്രോ ബാഗ് യൂണിറ്റുകളുടെ എണ്ണവും കൃത്യമായും രേഖപ്പെടുത്തുന്നില്ല.. ഗ്രോ ബാഗുകൾ ഹരിത കർമ്മ സേന വഴി വിതരണം ചെയ്തതിന്റെ തീയതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2)ഗുണഭോക്തൃ വിഹിതം നൽകിയ ഗുണഭോക്താക്കളുടെ വിവരം രസീതിൽ രേഖപ്പെടുത്താതെ ആകെ ഗുണഭോക്തൃ വിഹിതം ഒറ്റ രസീതിലാണ് ഒടുക്കിയിട്ടുള്ളത്. കൂടാതെ ഗുണഭോക്തൃ വിഹിതം കളക്ഷൻ രജിസ്റ്ററിലും ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (നം.07/15.09.21) കോവിഡ് പശ്ചത്തലത്തിൽ ഹരിത കർമ്മസേന മുഖേന വിതരണം ചെയ്തതിനാലാണ് കൈപ്പറ്റ് വിവരം കൃത്യമായും രേഖപ്പെടുത്താൻ കഴിയാതെ വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ രസീത് നൽകുമ്പോൾ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ കൃത്യമായും പരിപാലിക്കേണ്ടതും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ജൈവപച്ചക്കറി കൃഷി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO024/21 |
| പ്രോജക്ടിന്റെ പേര് | ജീവനി - ജൈവപച്ചക്കറി കൃഷി(ഗ്രൂപ്പുകൾക്ക്) |
| നിർവഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 65400(വി.ഫ-60000/- ഗു.വി -5400/-) |
| ചെലവ് | 65400/- |

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത കുറഞ്ഞത് 5 അംഗങ്ങൾ ഉള്ള കാർഷിക ഗ്രൂപ്പുകൾ മുഖേന ഗ്രാമപഞ്ചായത്തിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനായി പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം പച്ചക്കറി തൈകളും ജൈവവളവും വാങ്ങി നൽകുകയും (ജൈവവളത്തിന്റെ 25% ഗുണഭോക്തൃ വിഹിതം) കൂലിച്ചെലവ് സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട്മായി ബന്ധപ്പെട്ട് താഴെപ്പറയുന്നവയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത, കുറഞ്ഞത് 5 അംഗങ്ങൾ ഉള്ള കാർഷിക ഗ്രൂപ്പുകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകേണ്ടത്. എന്നാൽ ഗുണഭോക്താവായ ശക്തി ജെ.എൽ.സി സമർപ്പിച്ച അപേക്ഷ പ്രകാരം പ്രസ്തുത ഗ്രൂപ്പിൽ നാല് അംഗങ്ങൾ മാത്രമാണ് ഉള്ളത്.

2)കൃഷിയുടെ കൂലിച്ചെലവ് ഇനത്തിൽ 40800/- രൂപ സബ്സിഡിയായി ചെലവഴിച്ചിട്ടുണ്ട്.(ബിൽ നം.12/12.10.2020). എന്നാൽ തുക അനുവദിച്ച നൽകിയ 30 ഗ്രൂപ്പുകളിൽ 10 ഗ്രൂപ്പുകളിലെയും അംഗങ്ങളുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് തുക അനുവദിച്ച നൽകിയിരിക്കുന്നത് .

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ( നം.01/10.09.21)അപേക്ഷയിൽ വിവരം കൃത്യമായി രേഖപ്പെടുത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ഗ്രൂപ്പ് അക്കൗണ്ടുകൾ സഹകരണ ബാങ്ക് അക്കൗണ്ട് ആയതിനാലണ് വ്യക്തിഗത അക്കൗണ്ടിൽ നൽകിയതെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി വിഹിതം കുടുംബശ്രീ ഗ്രൂപ്പ് അക്കൗണ്ടിൽ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ആയുർവേദ ആശുപത്രിക്ക് കെട്ടിട വാടക നിശ്ചയിച്ച് നല്കിയത് ക്രമപ്രകാരമല്ല.

| | |
|---|---|
| പ്രോജക്ട് നം | SO /21 ആയുർവേദ ആശുപത്രിക്ക് കെട്ടിട വാടക, അനുബന്ധ ചെലവുകൾ . |
| വകയിരുത്തൽ | 90000/-(മെയിന്റനൻസ് നോൺ റോഡ്) |
| ചെലവ് | 90000/- |
| [illegible] | [illegible] |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ആയുർവേദം |

മേൽ പദ്ധതി പ്രകാരമുള്ള ചെലവിൽ 5500/- രൂപ ആയുർവേദ ആശുപത്രിക്ക് കെട്ടിട വാടക ഇനത്തിൽ 2018 ജനവരി മുതൽ നല്കി വരുന്നു. പ്രസ്തുത കെട്ടിടത്തിന് വാടക നിശ്ചയിച്ച് നല്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഫയലിൽ കെട്ടിട ഉടമ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിൽ നിന്നും വാടക നിശ്ചയിച്ച് വാങ്ങി നല്കിയ രേഖകളുടെ അടിസ്ഥാനത്തിൽ വാടക നല്കി കാണുന്നു. പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വാടക നിശ്ചയിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല.സ്ഥല പരിമിതി മൂലം ആയുർവേദ ആശുപത്രി കെട്ടിടത്തിൽ മരുന്നുകൾ സൂക്ഷിച്ച് വയ്ക്കാൻ പോലും സൗകര്യം ഇല്ലാത്ത അവസ്ഥയാണ്. ഇത്തരം അവസ്ഥയിൽ പ്രവർത്തിക്കുന്നതിനാലും റോഡിൽ നിന്നും അകന്ന് ഉൾപ്രദേശത്ത് പ്രവർത്തിക്കുന്നതിനാലും ആശുപത്രിയുടെ സേവനം ജനങ്ങൾക്ക് ലഭിക്കാതെ വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. ഈ സാഹചര്യത്തിൽ ആശുപത്രി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുകയോ വാടക നിശ്ചയിച്ചത് പുന:പരിശോധിക്കുകയോ ചെയ്തതായി കാണുന്നില്ല.പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുമ്പോൾ വാടക നിശ്ചയിച്ച് നല്കിയതിന്റെ നടപടി ക്രമം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.29/29.9.21 ) മെഡിക്കൽ ഓഫീസറിൽ നിന്നും വിവരം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത കെട്ടിടത്തിൽ തുടർന്നും പ്രവർത്തിക്കുന്ന സാഹചര്യം നിലനില്ക്കുന്ന പക്ഷം വാടക നിശ്ചയിച്ച് നല്കാൻ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-33 കെൽട്രോണിൽ നിന്നുള്ള ഉപകരണങ്ങൾ അടിയന്തിര ലഭ്യമാക്കണം

കെൽട്രോണിൽ ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രോജക്ട് നം. – 223

ആകെ ചെലവ് – 72452

അടങ്കൽ തുക – 72452

ഫണ്ടിനം – മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

പ്രോജക്ട് നം.223-ൽ ഉൾപ്പെടുത്തി, സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഫീസിലേക്കായി, കെൽട്രോണിൽ നിന്ന് ഒരു കംപ്യൂട്ടറും സ്കാനറും വാങ്ങാൻ യഥാക്രമം 52633രൂപ (ബിൽ നം.203/11-11-20) 19819രൂപ (ബിൽ നം.204/11-11-20) എന്നിങ്ങനെ കെൽട്രോണിന് തുക കൈമാറി. എന്നാൽ ടി ഉപകരണങ്ങൾ ലഭ്യമായതിന്റെയോ സ്റ്റോക്കിൽ എടുത്തതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കെൽട്രോണിന് കത്തു നൽകിയിട്ടുണ്ടെങ്കിലും, ടി ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് നം.8 സെക്രട്ടറി മറുപടി നൽകി. ടി ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പ്രൊജക്ട് നം. 8/21 ൽ ഉൾപ്പെടുത്തി, ഗ്രാമപഞ്ചായത്ത് 3270750/- രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുണ്ട്. 2018 ജനവരി മുതൽ 2020 നവംബർ വരെ ആകെ 7823600 രൂപയാണ് KWA ഡിമാന്റ് ചെയ്തിട്ടുള്ളത്. ഭീമമായ തുക കുടിശ്ശിക വന്നതിനാൽ പ്രൊജക്ട് രൂപീകരിച്ച് തുക ഒടുക്കുകയാണ് ചെയ്തു വരുന്നത്. ആകെ 356 ടാപ്പുകൾക്കാണ് പ്രസ്തുത തുക KWA ഡിമാന്റ് ചെയ്തിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.5ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.2242/11/എൽ.എസ്.ജി.ഡി തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ക്രമീകരിക്കേണ്ടതുമാണ്.

## 1-35 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ

പ്രോജക്ട് നം. -293/20

പ്രോജക്ടിന്റിന്റെ പേര്-ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

ചെലവ് തുക-268292രൂ(ബിൽ നം-40/20-3-21),1468185രൂപ(ബിൽ നം-41/20-3-21)

നിർവ്വഹണ എജൻസി-KWA.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാൻ തുകയുടെ 15%പഞ്ചായത്ത് വിഹിതമായും,10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന

ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് മേൽ പദ്ധതി തയ്യാറാക്കിയത്.ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A) അംഗീകൃത പ്രോജക്റ്റ് പ്രകാരം,പഞ്ചായത്തിൽ ഒടുക്കം വരുത്തുന്ന ഗുണഭോക്തൃവിഹിതമായി, 1824300രൂപഅടവു വരേണ്ടതാണ്. എന്നാൽ 1500305 രൂപ മാത്രമേ അടവു വന്നതായി, കാണുന്നുള്ളു.

(B) പദ്ധതി നടത്തിപ്പിനായി, KWA യുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.നിലവിൽ കരാറിലേർപ്പെടേണ്ടതില്ല എന്ന 15/4/21ലെ സർക്കാർ നിർദ്ദേശത്തെ തുടർന്ന് അതു ഉടമ്പടി ആക്കിയില്ല, എന്ന്സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിരിക്കുന്നു.എന്നാൽ തുക കൈമാറിയതു്20/3/21 നാണ്.

നാളിതു വരെ എത്ര ഗുണഭോക്താക്കൾക്ക്കുടിവെള്ള കണക്ഷൻ ലഭിച്ചു എന്ന് വ്യക്തമല്ല.പഞ്ചായത്തു തയ്യാറാക്കി നല്കിയ ഗുണഭോക്താക്കളുടെ പട്ടികയിലുൾപ്പെട്ടവർക്കു തന്നെയാണോ കുടിവെള്ള കണക്ഷൻ ലഭിച്ചത് എന്ന് വ്യക്തമല്ല.

KWA ൽ അടച്ച തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല. എത്ര ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടു എന്നതും എത്ര പേർക്ക് ലഭിച്ചു എന്നതും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും, പിഴപ്പലിശ ഈടാക്കാതെ, ഫൈനൽ ബിൽ തുക നല്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | പ്രവൃത്തിയുടെ നം., പേര്, | ബിൽ നം,തീയതി | PAC തുക (രൂ) | പ്രവൃത്തി തുടങ്ങിയ തീയതി | പ്രവൃത്തി പൂർത്തിയായ തീയതി | കരാറു പ്രകാരം പൂർത്തീകരണ തീയതി |
|---|---|---|---|---|---|---|
| 1 | 97ആര്യവിലാസം LPS ക്ളാസ് റൂം നിർമ്മാണം | 2/21-4-20 | 807730 | 14/2/18 | 11/6/19 | 13/5/18 |
| 2 | 216ഈഞ്ചക്കൽ റോഡ്. | 67/19-2-21 | 324000 | 27/11/19 | 8/11/20 | 26/3/20 |
| 3 | 79,അക്കോട് ഇടവഴി ടാറിംഗ് | 74/19-3-21 | 266839 | 30/11/19 | 25/2/21 | 29-3-20 |
| 4 | 84,തേപ്പിൽ ഇടവഴി റീകോൺക്രീറ്റിംഗ് | 75/19-3-21 | 150000 | 19/9/19 | 13/10/20 | 18/1/20 |
| 5 | മഞ്ചാടി മൂട് ഡാംഷട്ടർ. | 0789572/14-7-20 | 296745 | 13/8/18 | 11/12/19 | 13/2 /19 |
| 6 | 73, ചേനവിള കോട്ടപ്പുറം ലെയിൻ കൊൺക്രീറ്റിംഗ് | 88/31-3-21 | 140000 | 19/9/19 | 19/10/20 | 18/12/19 |
| 7 | 86,ആറടിപ്പാത-വയൽത്തല റോഡ്. | 78/26-3-21 | 300000 | 17/9/18 | 4/2/21 | 17/1/20 |

ടി പ്രവൃത്തികളുടെ കാലാവധി നീട്ടാൻ കരാറുകാർ അപേക്ഷ നൽകിയിട്ടില്ല.അതിനാൽ ആകെ കാലാവധിയുടെ 20% സമയം ഗ്രേസ് ടൈം കഴിച്ച് ആദ്യത്തെ മൂന്നുമാസത്തേക്ക് 1% നിരക്കിലും,തുടർന്നുള്ള ഓരോ മാസത്തേക്ക് 2% നിരക്കിലും, പിഴപ്പലിശ ഈടാക്കേണ്ടതാണ്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 മരാമത്തു പ്രവൃത്തികൾ അനിശ്ചിതമായി നീളുന്നു,

താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും അനിശ്ചിതമായി നീളുകയും,നാളിതു വരെ

പൂർത്തികരിക്കാത്തവയുമാണ്.

| ക്രമ നം. | പ്രോജ.നം.,പേര് | പണി തുടങ്ങിയ തീയതി | പൂർത്തീകരണ കാലാവധി | എസ്റ്റിമേറ്റ് തുക (രൂ) | അവസാന നടപടി |
|---|---|---|---|---|---|
| 1 | PHC ക്ക് ആംബുലൻസ് ഷെഡ് | 30/11/19 | 6മാസം | | 13/10/20 ന് എസ്റ്റിമേറ്റ് റിവൈസു ചെയ്തു |
| 2 | 25,ബഡ്സ് സ്കൂൾ നവീകരണം | 19/9/19 | ടി | 36000 | 30/9/21ന് മുമ്പ് പൂർത്തീകരിക്കാൻ കരാറുകാരന് കത്ത് നല്കി |
| 3 | 135,പഴഞ്ചിറ വാളു വിള തോട് സംരക്ഷണ ഭിത്തി | 20/1/21 | ടി | 923000 | 30/9/21ന് മുമ്പ് പൂർത്തീകരിക്കാൻ കരാറുകാരന് കത്ത് നല്കി |
| 4 | 156 PHC പെയിന്റിംഗ് | 20/1/20 | 4മാസം | 40000 | 30/9/21ന് മുമ്പ് പൂർത്തീകരിക്കാൻ കരാറുകാരന് കത്ത് നല്കി |
| 4 | 142, സൈഡ് വാൾ നിർമ്മാണം | 27/11/17 | ടി | 40000 | 30/9/21ന് മുമ്പ് പൂർത്തീകരിക്കാൻ കരാറുകാരന് കത്ത് നല്കി |

ടി പ്രവൃത്തികൾ 30/9/21ന് മുമ്പ് പൂർത്തീകരിക്കാൻ കരാറുകാരൻ തയ്യാറാകാത്ത പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-38 ഗുണഭോക്തൃകമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ

പ്രോജക്ട് നം.272/20

പ്രോജക്ടിന്റിന്റെ പേര്-PHC വെയ്റ്റിംഗ് ഷെഡ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണ എജൻസി-ഗുണഭോക്തൃകമ്മിറ്റി

ചെലവു തുക-48959രൂപ(ബിൽ നം.-50/24-12-20,

GO (MS)11/18/തസ്വഭവ.തീ.29-1-18, GO (MS)17/18/തസ്വഭവ.തീ.2-2-18 എന്നിവ പ്രകാരം, പണിക്കുപയോഗിച്ച സാധന സാമഗ്രികളുടെ തരം, വില, തൊഴിലാളികളുടെ എണ്ണം, കൂലി എന്നിവ ഉൾപ്പെടെ എല്ലാ വരവു ചെലവു കണക്കുകളും, ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്, എന്നാൽ, ടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.ഓഡിറ്റ് എൻക്വയറിക്ക് (നം28). മറുപടി നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച മുഴുവൻ കണക്കുകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-39 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, നിർവ്വഹണ ഏജൻസികളുമായി ഒപ്പുവച്ച കരാർ എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

20.01.2018-ലെ സ.ഉ (കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വർക്കുകളിൽ സമയന്ധിതമായി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം മറ്റു വിശദാംശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | തുക | ബിൽ നം. |
|---|---|---|---|---|
| 1. | 222/20, പൈപ്പ് ലൈൻ നീട്ടൽ | KWA | 847044 | 23/21.12.20 |
| 2. | 293/21, ജലജീവൻ മിഷൻ | KWA | 173641 | |
| 3. | 218/20-21, ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റൽ | KSEB | 6851 | 39/10.3.21 |
| | | KSEB | 22388 | 51/31.3.21 |
| 4. | 121/20-21, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 487564 | |

പ്രോജക്ട് നം.73/21 പ്രകാരം, മെഡിക്കൽ കോളേജിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പഞ്ചായത്ത് വിഹിതമായി, 100000/- രൂപ ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട്. ടി തുകയുള്ള വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 0 | 153000 | കേദാരം ഒന്നാം വിള | 153000 | 0 |
| | | 0 | 106043 | കേദാരം രണ്ടാം വിള | 106043 | 0 |
| | | 0 | 102000 | കേദാരം രണ്ടാം വിള (സ്പിൽ ഓവർ) | 102000 | 0 |
| | | 0 | 350000 | ക്ഷീരസമൃദ്ധി | 350000 | 0 |
| | | 0 | 124394 | ക്ഷീരസമൃദ്ധി വനിത | 124394 | 0 |
| | | 0 | 80000 | ക്ഷീരസമൃദ്ധി വനിത (സ്പിൽ ഓവർ) | 80000 | 0 |
| | | 0 | 320625 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 320625 | 0 |
| | | 566762 | 0 | ലൈഫ് ജനറൽ | 320000 | 246762 |
| | | 92000 | 0 | ലൈഫ് (എസ്.സി.) | 0 | 92000 |

| | | | | | | |
|---|---|---|---|---|---|---|
| | | 150000 | 0 | ലക്ഷം വീട് | 0 | 150000 |
| | | 560000 | 0 | ലൈഫ് | 0 | 560000 |
| | | 264000 | 0 | ലൈഫ് ഹൗസിംഗ് | 168000 | 96000 |
| **ആകെ** | | **1632762** | **1236062** | | **1724062** | **1144762** |
| ജില്ലാ പഞ്ചായത്ത് | 2019-20 | 0 | 240000 | ലൈഫ് | 240000 | 0 |
| | | 0 | 153000 | കേദാരം ഒന്നാം വിള | 153000 | 0 |
| | | 0 | 102000 | കേദാരം രണ്ടാം വിള | 102000 | 0 |
| | | 0 | 320625 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 320625 | 0 |
| | | 0 | 30000 | ക്ഷീരസമൃദ്ധി | 30000 | 0 |
| | | 0 | 40000 | ക്ഷീരസമൃദ്ധി വനിത | 40000 | 0 |
| | | 0 | 52893 | ക്ഷീരസമൃദ്ധി വനിത (സ്പിൽ ഓവർ) | 52893 | 0 |
| | | 252300 | 0 | ലൈഫ് (എസ്.സി.) | 100000 | 152300 |
| **ആകെ** | | **252300** | **938518** | | **1038518** | **152300** |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കേരള വാട്ടർ അതോറിറ്റി | 777866 | 222/21 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 847044 | - | 847044 | - | 3361387 |
| | | 293/21 ജലജീവൻ മിഷൻ | 1736477 | - | 1736477 | | |
| കെ.എസ്.ഇ.ബി | 2627331 | 121/21 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 487564 | - | 487564 | - | 3149404 |
| | | 218/21 ഇലട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 34509 | - | 34509 | - | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| മിത്രം ഭവന പദ്ധതി | ജി.ഒ എം.എസ് നമ്പർ.207/209 തീ.07.11.2009 | 12500000 | 0 | 2000000 (മുതൽ) | 10500000 |
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി. | 6410000 | 1940000 | 1039334 | 7310666 |

| | | | | | |
|---|---|---|---|---|---|
| | എഫ്.സി/2018 തീയതി 04.01.2019 | | | | |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 113813154.87 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99727954.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1166393.00 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 596000 | ഡോ.സ്മിത തോമസ് പി .കെ,വെറ്റിനറി സർജന് |
| 1-23 | 437500 | |
| 1-24 | 45573 | ഡോ.അനോൾഡ് ദീപക്,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-26 | 50000 | |
| 1-29 | 37320 | ഡോ.ശിവകുമാർ.ബി.പി. മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | **1166393** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|
| ഡോ.സ്മിത തോമസ് പി.കെ | വെറ്റിനറി സർജൻ | 31 കൈലാസ് നഗർ, കേശവദാസപുരം |
| ഡോ. ശിവകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | പുഷ്പകം, പാപ്പനംകോട് പി ഒ, തിരുവനന്തപുരം |
| ഡോ.അനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ദീപം, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 1 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 4 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | 16 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 11 | |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/2196 /2016, 28.12.2016 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1615/2017, 04.08.2017 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/2548/2018, 01.02.2019 | 34 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1034(1)/2019, 30.07.2019 | 22 | |

**ഡെപ്യൂട്ടി ഡയറക്ടർ**

S.25/11/21

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്